

# വികാരിയിൽ നിന്ന് ...

24-11-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

2017 ചരിത്രത്തിൻെറ ഭാഗമായി മാറുവാൻ കേവലം ഒരു മാസം കൂടി മാത്രമേ ഉള്ളല്ലോ. ഈ വർഷവും ദൈവം നമ്മെ അതിശയകരവും അത്ഭുതകരവുമായി കാത്തു പരിപാലിച്ചതിന് നന്ദി കരേറ്റാം. ദൈവത്തിൻെറ പ്രതീക്ഷക്കനുസരിച്ച് വളർന്ന് ഫലം പുറപ്പെടുവിച്ചുവോ എന്ന് ആത്മശോധന ചെയ്യുവാനുള്ള ദിനങ്ങളാണ് നമുക്ക് മുമ്പിലുള്ളത്. അനുതപിച്ച്, പശ്ചാത്തപിച്ച്, പ്രായശ്ചിത്തം ചെയ്ത്, മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടില്ലെങ്കിൽ ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിപ്പാൻ നമുക്ക് ആർക്കും സാധ്യമല്ല. നിത്യതയ്ക്ക് വേണ്ടി തയ്യാറെടുക്കുക എന്നതായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. നാം എത്രമാത്രം ഒരുങ്ങിയിട്ടുണ്ട് എന്ന് സ്വയശോധന ചെയ്യേണ്ടതാണ്.

ഡിസംബർ ഒന്ന് മുതൽ 25 വരെ സഭ 25 നോമ്പ് ആചരിക്കുന്നു. നമ്മുടെ രക്ഷകനും, കർത്താവും വീണ്ടെടുപ്പുകാരനുമായ യേശു ക്രിസ്തുവിൻെറ ജനനത്തോടനുബന്ധിച്ചുള്ള സംഭവ പരമ്പരകളാണ് ഈ ദിവസങ്ങളിൽ നാം ധ്യാനിക്കുന്നത്. ഡിസംബർ 1 വേദപുസ്തക ദിനമായും, കന്യക മറിയം എലിസബത്തിൻെറ ഭവനത്തിലെത്തുന്നതും, പരസ്പരം സ്വാന്തനത്തിൻേറയും, പ്രചോദനത്തിൻേറയും തൂവൽ സ്പർശമായി ആ കൂടികാഴ്ച്ച പരിണമിക്കുകയും ചെയ്യുന്ന ധ്യാനനിമിഷങ്ങളാണ് ധ്യാനവിഷയം. ഡിസംബർ 8 യോഹന്നാൻ സ്നാപകൻെറ ജനനം, ഡിസം. 15 യോസഫിനോടുള്ള അറിയിപ്പ്, ഡിസം 21 മാർത്തോമ്മാ സഭാ ദിനം, ഡിസം. 22 ഇടവകയുടെ ക്രിസ്തുമസ് കരോൾ, ഡിസം. 24 ജനനപ്പെരുന്നാൾ, ഡിസം. 31 വർഷാവസാന – പുതുവത്സര ശുശ്രൂഷ എന്നിവയാണ് ഈ മാസത്തെ പ്രധാന പരിപാടികളായി ക്രമീകരിച്ചിരിക്കുന്നത്.

ഡിസം. ഒന്ന് മുതൽ 20 വരെ ഇടവക മിഷൻെറ നേതൃത്വത്തിൽ ഭവനങ്ങൾ തോറും ക്രിസ്തുമസ് ആശംസയുമായി സന്ദർശനം നടത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകയുടെ ആദ്യഫല പെരുനാൾ ഈ സാമ്പത്തിക വർഷം 2018 ജനുവരി 5, 12, 19 തീയതികളിലായി നടത്തുവാനാണ് ആഗ്രഹിക്കുന്നത്. നാലു വീതം പ്രാർത്ഥന കൂട്ടങ്ങളിൽ നിന്നും കൊണ്ടു വരുന്ന സാധനങ്ങൾ ഓരോ ആഴ്ച്ചയിലും ലേലം ചെയ്യുന്നതാണ്. “നിൻെറ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്തു.......... ആദ്യഫലം ദൈവാലയത്തിൽ ദൈവ മുമ്പാകെ കാഴ്ച്ചയായി സമർപ്പിക്കണം” (ആവ. 26 :2). ഈ വർഷത്തെ ആദ്യഫല ശേഖരത്തിന് എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം. കൂടാതെ ജനു.12 വെള്ളിയാഴ്ച്ച ഒരു “Gospel Musical Evening Programme” നടത്തുന്നു. സുപ്രസിദ്ധ ഗായകനായ ശ്രീ. ജോസീ പുല്ലാട് ആണ് ഈ പരിപാടി അവതരിപ്പിക്കുന്നത്. ഈ പരിപാടികളിൽ ഏവരുടേയും സഹകരണവും സാന്നിദ്ധ്യവും പ്രാർത്ഥനയും ഉണ്ടാകണം. കൂടാതെ ജനു. 29 മുതൽ ഫെബ്രു. 2 വരെയുള്ള ദിവസങ്ങളിൽ കൺവൻഷനും ക്രമീകരിച്ചിട്ടുണ്ട്. റവ. ഫെനോ എം. തോമസ് (ബാഗ്ലൂർ) ആണ് മുഖ്യ പ്രസംഗകനായിട്ട് വരുന്നത്. പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യണമേ.

ക്രിസ്തുമസ്, ദൈവം മനുഷ്യനു നൽകിയ ഏറ്റവും മഹത്തരവും ശ്രേഷ്ഠവും, വിലപ്പെട്ടതുമായ സ്നേഹ സമ്മാനമാണ്. ദൈവത്തിൻെറ ദാനമായ ക്രിസ്തുവിൽ കൂടി ദൈവം മനുഷ്യന് ശാന്തിയും, സമാധാനവും, സന്തോഷവും പ്രദാനം ചെയ്തിരിക്കുന്നു. ഇത് സ്വീകരിക്കുവാൻ പാകത്തിൽ നമ്മുടെ ഹൃദയങ്ങളും മന:സ്സുകളും ഒരുക്കപ്പെടുകയും, കന്യകമറിയമിനെപ്പോലെ വിനയാന്വിതരായി ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ച് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യണം. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വേണ്ടി ധാരാളം പണം ധൂർത്തടിക്കാതെ നമ്മുടെ അറിവിലും പരിചയത്തിലുമുള്ള എളിയവരെ, അശരണരെ, നിരാലംബരെ ഓർക്കുകയും അവരെ സഹായിക്കുകയും ചെയ്താൽ ക്രിസ്തുമസ് അർത്ഥപൂർണ്ണമായ ഒരു അനുഭവമായി മാറും. യേശു കർത്താവ് പറഞ്ഞു “(മത്തായി 25 : 35–40) “എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു,നിങ്ങൾകുടിപ്പാൻ തന്നു; ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; ..... എൻെറ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്തു”. എളിയവരെ ആദരിക്കുന്ന, ചേർത്തുനിർത്തുന്ന, സ്നേഹിക്കുന്ന, കരുതുന്ന ഒരു അർത്ഥപൂർണ്ണമായ ക്രിസ്തുമസ് നമുക്ക് ഈ വർഷം ആഘോഷിക്കാം.

ഏതാനും ദിവസങ്ങൾക്കുള്ളിൽ ദൈവം അനുവദിച്ചാൽ നാം പുതിയ സംവത്സരത്തിലേക്ക് പ്രവേശിക്കും. തിരിഞ്ഞു നോക്കി ജീവിതത്തിൽ ദൈവം നടത്തിയ വിധങ്ങളെ നന്ദിയോടെ ഓർക്കുകയും വിമർശനാത്മകമായി ജീവിതത്തെ അവലോകനം നടത്തുകയും ചെയ്യുന്നത് അഭികാമ്യമാണ്. ആത്മാർത്ഥമായി അവലോകനം ചെയ്ത് കൂടുതൽ ആത്മവിശ്വാസത്തോടും, പ്രതീക്ഷയോടും, പ്രത്യാശയോടും, ഉത്സാഹത്തോടും, ദൈവാശ്രയത്തോടും കൂടി ഓരോ ദിവസവും ജീവിതത്തിൻെറ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്വാൻ കഴിയണം. നമുക്ക് ദൈവത്തോടും, മറ്റുള്ളവരോടും, നമ്മോടുതന്നേയും സന്തുലിതമായ ആത്മബന്ധം ഉണ്ടാകണം. അന്ധകാരം ഘനം വയ്ക്കുന്ന ഈ കാലഘട്ടത്തിൽ ചെറിയ മിന്നാമിനുങ്ങായി, ചെറിയ മെഴുകുതിരിയായി ഒരുമിച്ച് പ്രകാശം ചൊരിയാം. പുരാതനനായ ദൈവം നമ്മുടെ സങ്കേതം, കീഴെ ശാശ്വത ഭുജങ്ങളുണ്ട്. ഏവർക്കും ദൈവത്തിൽ ശരണം വച്ച് ജീവിതയാത്ര തുടരാം. അതിന് ദൈവം ഏവരേയും പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ്ജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com